മിസ്റ്റർ കെ. എസ്സ്". പണിക്കർ: കൊട്ടമുടിയിൽ ശക്കര മേടിക്കാൻപോയ ആളുടെ പേരിൽ കണ്ട കുറങ്ങളെക്കുറിച്ചു പോലീസ് അന്വേഷണം നടത്തിയൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: അന്വേഷിക്കാതെയിരിക്കാൻ എന്താണു കാരണം?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പ്രോസിക്യൂട്ട ചെയ്യണമെന്നുണ്ടെങ്കിൽ മാത്രമേ പോലീസ് അന്വേഷണം നടത്തേണ്ടതുള്ളൂ.

മിസ്റ്റർ പി. നാരായണമേനോൻ: ഫുഡ്ഡയറക്ടർ അന്വേഷിച്ചിട്ട കണ്ട കുറങ്ങാം എന്തൊക്കെ ആയിരുന്നു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതെന്താണെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: പ്രോസിക്യൂട്ടചെയ്യാൻ പോലീസിലേയ്ക്കു റിപ്പോർട്ട് ചെയ്തുവെന്നു പറഞ്ഞല്ലൊ; അതു" എന്നാണു"?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എന്നാണെന്നോർമ്മയില്ല. എന്റെ ഓഫീസിയിൽ ഫുഡ്ഡയറക്ടരുടെ റിപ്പോർട്ട് കിട്ടിയുടനെതന്നെ വിവരം പോലീസിലേയ്ക്കു റിപ്പോർട്ട ചെയ്തു.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഈ മാന്യൻ രാജിവെച്ചു പോകാമെന്നുപറഞ്ഞു അപേക്ഷ അയച്ചിട്ടുണ്ടോ?

No answer.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: അദ്ദേഹം ഇപ്പോൾ സസ്പെണ്ടിലാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതെ.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: പ്രോസിക്യൂട്ടചെയ്യാൻ റിപ്പോർട്ട് അയച്ചിട്ടുണ്ടെന്നു പറഞ്ഞുവല്ലൊ, അതു ലീഗൽ എക്സ്പെർട്ടിന്റെ അഭിപ്രായമനുസരിച്ചാണൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസ്സുവേണം.

മിസ്റ്റർ കെ. എസ്സ്". പണിക്കർ: ഫെയർപ്രൈസ് ഷോപ്പു മാനേജരുടെ ജോലി വഹിക്കുവാൻ ഈ മാന്യൻ ഇൻ എക്സിപീരിയൻസാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അല്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: മിസ്റ്റർ ഐസക്കിനെപോലെ Inexperience ഉള്ള ആളാണൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു പറയാൻ നിവൃത്തിയില്ല. ഓരോരുത്തക്കും ഓരോ വിഷയത്തിലായിരിക്കും Inexperience ഉണ്ടായിരിക്കുക.

FREE TRAVEL OF GOVERNMENT SERVANTS

413. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ": താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ട് ദയവായി മറുപടി നൽകുമൊ.—

എതെല്ലാം വരിപ്പാർട്ടുമെണ്ടിലെ എതെല്ലാം ഗ്രേഡിലുള്ള ഉദ്യോഗസ്ഥന്മാക്കാണ" ലൈൻ ബോട്ടുകളിലും ലൈൻ ബസ്സുകളിലും കൂലി കൊടുക്കാതെ യാത്രചെയ്യാവുന്നതു"?

റാവു ബഹദൂർ ടി. കെ. നായർ: ഉദ്യോഗസ്ഥന്മാക്കാർക്കുംതന്നെ ലൈൻ ബസ്സുകളിലും ബോട്ടുകളിലും കൂലി കൊടുക്കാതെ സഞ്ചരിക്കുവാൻ നിയമമില്ല.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ": ഉദ്യോഗസ്ഥന്മാർ കൂലി കൊടുക്കാതെ സഞ്ചരിക്കുന്നുണ്ടെന്നുള്ളതു ഗവണ്മെണ്ടിന്നറിയാമോ?

റാവുബഹദൂർ ടി. കെ. നായർ: ഇല്ല.

PORAMBOKE LAND AT KUNNAMKULAM

414. Mr. Paramel Ipe Ipe *(Kunnamkulam)*: Will Government be pleased to state.—

The area of a poramboke plot of land lying vacant and unused at the spot where the four roads meet at the central place of Kunnamkulam town?

Mr. C. R. Iyyunni *(Minister for Revenue)*: 2·417/1000 cents.

LIBRARY ARCHIVES Kerala Legislative Assembly